## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 964 — 08.01.2014 -ൽ മറുപടിയ്ക്ക്

# എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമനം

ചോദ്യം — ഉത്തരം

**ശ്രീ.ജോസ് തെറ്റയിൽ**
**ശ്രീ.സി.കെ.നാണു**
**ശ്രീ.മാത്യു.റ്റി.തോമസ്**
**ശ്രീമതി.ജമീലാ പ്രകാശം**

**ശ്രീ.ഷിബു ബേബി ജോൺ**
(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി തൊഴിലിനായി അഭിമുഖത്തിന് വിളിക്കുന്നതിലെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ ; | (എ) | സംസ്ഥാന സർക്കാർ, അർദ്ധ സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ഉദ്യോഗദായകൻ അറിയിക്കുന്ന വിവിധ ഒഴിവുകൾക്ക് യോഗ്യത, പ്രായം, സംവരണം, സീനിയോറിറ്റി, മുൻഗണന തുടങ്ങിയ മാനദണ്ഡങ്ങളുടേയും, നിലവിലുള്ള സർക്കാർ ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ തൊഴിലിനായി നാമനിർദ്ദേശം ചെയ്യുന്നു. കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലെ ഒഴിവിന്റെ സംവരണം തൊഴിലുടമ നിഷ്കർഷിക്കുന്നതിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കുന്നു. |
| (ബി) | അർഹതപ്പെട്ടവർക്കും ദീർഘനാളുകൾക്ക് മുമ്പേ രജിസ്റ്റർ ചെയ്തവർക്കും തൊഴിൽ ലഭ്യമാകുന്നില്ലായെന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ബി) | അർഹതപ്പെട്ടവർക്ക് തൊഴിൽ ലഭിക്കുന്നുണ്ട്. ദീർഘനാളായി രജിസ്റ്റർ ചെയ്വർക്ക് തൊഴിൽ ലഭിക്കുന്നില്ലായെന്ന് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ ഇതു പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക്, യോഗ്യത അനുസരിച്ചുള്ള തൊഴിൽ ലഭിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിലേയ്ക്ക് , അവരുടെ തൊഴിൽ ശേഷി വികസിപ്പിച്ചെടുക്കുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന നടപടികൾ |

| | | | |
|---|---|---|---|
| | | | പുരോഗമിക്കുന്നു. അതുപോലെ പൊതുമേഖലാ/ സ്വകാര്യ സ്ഥാപനങ്ങളുമായി സഹകരിച്ചു കൊണ്ട് ഇപ്രകാരം പരിശീലനം ലഭിച്ചവർക്ക് തൊഴിൽ നേടുന്നതിന് സൗകര്യം ലഭ്യമാക്കുന്നതിനായി സ്വകാര്യ സംരംഭകരെ ഉൾപ്പെടുത്തി ജില്ലകൾ തോറും ജോബ്ഫെയറുകൾ സംഘടിപ്പിച്ചും സ്വകാര്യ മേഖലയിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും വകുപ്പ് മുൻകൈയെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ